**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3350. 24.02.2016 ൽ മറുപടിയ്ക്ക്.**

## വാഹന അപകടങ്ങൾ

| ചോദ്യം<br>ശ്രീ. സാജു പോൾ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലത്ത് എത്ര വാഹനങ്ങൾ ഓരോ വർഷവും പുതുതായി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | അപകടങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ പൊതുജനങ്ങൾക്ക് പ്രയോജനകരമായ പദ്ധതികൾ നിലവിലുണ്ടോയെന്ന് അറിയിക്കുമോ ; | (ബി) | വാഹന അപകടങ്ങൾ നടന്നാൽ പോലീസ് കൺട്രോൾ റൂം, ക്രൈം സ്റ്റോപ്പർ, ഹൈവേ ജാഗ്രതാ സമിതികൾ, ഡ്രൈവേഴ്സ് യൂണിയനുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, റോഡ് സേഫ്റ്റി ക്ലബ്ബുകൾ എന്നിവയ്ക്കും മറ്റു സന്നദ്ധ സംഘടനകൾക്കും അപകട വിവരം റിപ്പോർട്ട് ചെയ്യുന്നതിനായി ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിവരുന്നു. ഹൈവേ പട്രോളിംഗ് ട്രാഫിക് ഹെൽപ്പ് ലൈൻ എന്നിവിടങ്ങളിലേക്ക് ടോൾഫ്രീയായും ഇ-മെയിൽ, വാട്സ് അപ്പ് തുടങ്ങിയ നൂതന മാധ്യമങ്ങൾ മുഖേനയും 9846100100 എന്ന ഹൈവെ അലർട്ട് നമ്പരിലേക്കും 100,1099, 1090 എന്നീ ടോൾഫ്രീ |

| | | | |
|---|---|---|---|
| | | | നമ്പരുകളിലേക്കും വാഹനാപകട വിവരങ്ങൾ റിപ്പോർട്ട് ചെയ്യാൻ പൊതുജനങ്ങൾക്ക് സൗകര്യമുണ്ട്. |
| (സി) | വാട്സ് അപ്പ് വഴി പരാതികൾ സ്വീകരിക്കുന്ന സംവിധാനം നിലവിലുണ്ടോ ; എങ്കിൽ മൊബൈൽ ഫോൺ നമ്പർ അറിയിക്കുമോ ? | (സി) | വാട്സ് അപ്പ് വഴി പരാതി സ്വീകരിക്കുന്ന സംവിധാനം നിലവിലുണ്ട്. ബന്ധപ്പെട്ട അതാത് ജില്ലാ പോലീസ് മേധാവികൾ, സബ് ഡിവിഷണൽ പോലീസ് ഓഫീസർമാർ ഇൻസ്പെക്ടർ ഓഫ് പോലീസ്, സ്റ്റേഷൻ ഹൗസ് ഓഫീസർമാർ എന്നിവരുടെ മൊബൈൽ ഫോണിലൂടെയും 9747001099 എന്ന നമ്പരിലൂടെയും പരാതികൾ അയയ്ക്കാൻ സംവിധാനമുണ്ട്. 8547639000 എന്ന നമ്പരിലാണ് മോട്ടോർവാഹന വകുപ്പിൽ കേന്ദ്രീകൃതമായി പരാതികൾ സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം

| ജില്ല | വാഹനങ്ങളുടെ എണ്ണം | | | | |
|---|---|---|---|---|---|
| | 2011-12 | 2012-13 | 2013-14 | 2014-15 | 2015 -16 (upto 17.02.2016) |
| തിരുവനന്തപുരം | 102635 | 118511 | 106037 | 98135 | 85308 |
| കൊല്ലം | 70642 | 87846 | 79220 | 72448 | 61653 |
| പത്തനംതിട്ട | 37113 | 44156 | 40314 | 35451 | 30059 |
| ആലപ്പുഴ | 58494 | 69879 | 64253 | 60313 | 46986 |
| കോട്ടയം | 53194 | 60128 | 54105 | 48512 | 40335 |
| ഇടുക്കി | 18704 | 22048 | 20505 | 18907 | 16253 |
| എറണാകുളം | 115716 | 121006 | 118010 | 113839 | 95974 |
| തൃശ്ശൂർ | 78874 | 88908 | 88289 | 84792 | 72546 |
| പാലക്കാട് | 60179 | 65830 | 65375 | 60596 | 40883 |
| മലപ്പുറം | 75912 | 92328 | 94173 | 91045 | 78297 |
| കോഴിക്കോട് | 76914 | 91705 | 94693 | 95649 | 76970 |
| വയനാട് | 11561 | 13602 | 13880 | 13405 | 13664 |
| കണ്ണൂർ | 54778 | 60856 | 60864 | 61380 | 52594 |
| കാസർഗോഡ് | 26161 | 28966 | 29000 | 27747 | 25474 |

സെക്ഷൻ ഓഫീസർ.